# കേരള സർവകലാശാല

നം. പി.ആർ.074/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## തീയതി നീട്ടി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി (യോഗ്യത: ബിരുദം. ഫീസ് 16500/ രൂപ. കാലാവധി ഒരു വർഷം), സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. ഫീസ് 7500/- രൂപ. കാലാവധി ആറ് മാസം), സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ് (യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. ഫീസ് 5000/- രൂപ. കാലാവധി മൂന്ന് മാസം) കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള തീയതി മേയ് 13 വരെ നീട്ടി. അപേക്ഷിക്കുവാൻ പ്രായപരിധിയില്ല. ഫോൺ 0471-2302523.

## ടൈംടേബിൾ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം പിരപ്പൻകോട് യു.ഐ.ടിയിലും മാവേലിക്കര ബിഷപ് മൂർ കോളേജിലും നടത്തിയ സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സ് പരീക്ഷകൾ മേയ് 25, 26 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ കേന്ദ്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോൺ 0471-2302523.

## ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സ് പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ഹെൽത്ത് ആൻഡ് സാനിട്ടേഷൻ കോഴ്സ് പരീക്ഷകൾ മേയ് 30, 31 തീയതികളിൽ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. പരീക്ഷാഫീസ് 570 രൂപ. പിഴകൂടാതെ മേയ് 18 (50 രൂപ പിഴയോടെ മേയ് 20, 250 രൂപ പിഴയോടെ മേയ് 23) വരെ അടയ്ക്കാം. ഫോൺ 0471-2302523.

## ക്ലാസ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ് ക്ലാസുകൾ മേയ് 12-ന് രാവിലെ ഏഴ് മണിക്ക് പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫീസ് 6000/- രൂപ. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി. പ്രായപരിധിയില്ല. ഫോൺ 0471-2302523.

## ബി.എ.എസ്.എൽ.പി (സപ്ലിമെന്ററി) ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 24 വരെ അപേക്ഷിക്കാം.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

10.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**